# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം 1404 — 06/03/2020-ൽ മറുപടിയ്ക്ക്

### ലൈഫ് പദ്ധതി

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.ടി.ജെ. വിനോദ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>(തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി) |
| എ) | ലൈഫ് പദ്ധതി മുഖേന നാളിതുവരെയായി എത്ര ഭവനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; | എ) | ലൈഫ് പദ്ധതിയുടെ ഭാഗമായി കേരളത്തിൽ നാളിതുവരെ 215527 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| ബി) | ഇതിൽ ഭൂമിയില്ലാത്ത എത്ര ആളുകൾക്ക് ഭൂമി വാങ്ങി വീട് നിർമ്മിച്ച് നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) | ഭൂരഹിത ഭവനരഹിതരായ 145 ഗുണഭോക്താക്കൾക്ക് വസ്തു വാങ്ങി നൽകിയിട്ടുണ്ട്. ഇവർക്ക് വീട് നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. |
| സി) | ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ എത്ര വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്നും എത്ര വീടുകളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കുമോ? | സി) | ലൈഫ് പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെടുത്തി എറണാകുളം ജില്ലയിൽ നിലവിൽ 15695 വീടുകൾ നിർമ്മിക്കുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിൽ നാളിതുവരെ 12877 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ